"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലാ കളക്ടറേറ്റിൽ ആവശ്യമായ ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.832/2025/RD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.05.2024, 06.03.2025 തീയതിയിലെ LR/3899/2024-LR(L3) നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലാ കാര്യാലയത്തിൽ നിലവിൽ ഉപയോഗിച്ചു വരുന്ന ഫോട്ടോകോപ്പിയർ മെഷീൻ, പ്രിന്റർ എന്നിവ പ്രവർത്തനരഹിതമായതിനാൽ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളിൽ ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായും ടി കാര്യാലയത്തിലെ 9 സെക്ഷനുകളിലായി നിലവിൽ 65 ക്ലാർക്കുമാർ ജോലി ചെയ്തു വരുന്നതായും നിലവിൽ ഭാഗികമായി മാത്രം പ്രവർത്തിക്കുന്ന 2 പഴയ ഫോട്ടോ കോപ്പിയർ മിക്ക സമയങ്ങളിലും പ്രവർത്തനരഹിതമാകുന്നതിനാൽ സമയബന്ധിതമായി ഫോട്ടോ കോപ്പി, പ്രിന്റിംഗ് എന്നിവ നടക്കാതെ വരുന്നതായും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കിയെങ്കിലും കോടതി കേസുകൾ, ഭൂമി സംബന്ധമായ കാര്യങ്ങൾ, കാപ്പ, വിവരാവകാശ നിയമ പ്രകാരമുള്ള പകർപ്പുകൾ നൽകൽ, ഇലക്ഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തുടങ്ങിയവ സമയബന്ധിതവും കാര്യക്ഷമവുമായി ചെയ്യുന്നതിന് ഫോട്ടോകോപ്പിയർ മെഷീൻ, പ്രിൻറർ എന്നിവ വളരെ അത്യന്താപേക്ഷിതമാണെന്നും ഇടുക്കി ജില്ലാ കളക്ടറേറ്റിൽ ആവശ്യമായ ഫോട്ടോ കോപ്പിയർ മെഷീൻ മൂന്ന് എണ്ണം വാങ്ങുന്നതിന് GEM പോർട്ടലിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം (Rs.1,35,000 X 3) 4,05,000/- രൂപയുടെ (നാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം) ചെലവ് വരുന്നതായും ആയതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുവാൻ ഇടുക്കി ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 2053-00-093-99-05-04 NP(V) Other Items എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന്, ഇടുക്കി ജില്ലാ കാര്യാലയത്തിൽ നിലവിൽ ഉപയോഗിച്ചു വരുന്ന ഫോട്ടോകോപ്പിയർ മെഷീനുകൾ ഉപയോഗശൂന്യമാണെന്നുള്ള ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടും ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ കളക്ടറേറ്റിൽ ആവശ്യമായ ഫോട്ടോ കോപ്പിയർ മെഷീൻ മൂന്ന് എണ്ണം വാങ്ങുന്നതിന് 4,05,000/- രൂപയുടെ (നാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം) (1,35,000/- രൂപ X 3 എണ്ണം) ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3] പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തെ 2053-00-093-99-05-04 NP(V) Other

Items എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (29.03.2025-ലെ വ്യയം-ഡി1/203/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 05-04-2025 15:54:03

സെക്ഷൻ ഓഫീസർ